പ്രീപ്രൈമറി കലോൽസവം, വിദ്യാലയത്തിലെ എല്ലാ ആഘോഷങ്ങളിലും അവരെ പങ്കാളികളാക്കുന്നു. എല്ലാ രക്ഷിതാക്കളും സ്കൂൾ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ അംഗങ്ങളാണ്.









## **വിദ്യാർത്ഥി പ്രവേശനത്തിൽ  പി ടി എ വഹിച്ച പങ്ക്**

- സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി
- പഠന സൗകര്യങ്ങൾ (ക്ലാസ് റൂം, പഠനോപകരണങ്ങൾ etc) ഒരുക്കി.
- പഠനമികവുകൾ വിലയിരുത്തി
- മലയാള തിളക്കം, ശ്രദ്ധ പോലുള്ള പിന്നോക്കക്കാരെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ സഹകരിച്ചു
- PTA, MPTA, SMC യോഗങ്ങൾ സജീവ ചർച്ചകളുടെയും നിർദ്ദേശങ്ങൾ പങ്കുവയ്ക്കലിന്റെയും വേദിയായി
- മികവുത്സവം, കോർണർ പി റ്റി എ എന്നിവയിൽ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തി
- ഗൃഹസന്ദർശനത്തിന് കൂടെ വന്നു, വഴി കാട്ടിയായും സഹായിച്ചു
- വിദ്യാർത്ഥികൾക്ക് ബോധവത്കരണ ക്ലാസുകൾ നൽകി.
- ഓൺലൈൻ പഠന കാലത്ത് പരമാവധി സഹകരിച്ചു.

ഇപ്രകാരം ചെയ്തതിലൂടെ കുട്ടികളുടെ പഠനമികവ് സമൂഹത്തിലെത്തിക്കുവാനും കുട്ടികളുടെ സ്കൂൾ പ്രവേശനത്തിന്റെ തോത് വളരെയധികം വർദ്ധിക്കുകയും ചെയ്തു.

**രക്ഷിതാക്കൾ  സമൂഹത്തിന് പകർന്നു നൽകിയ വിദ്യാലയമികവിന്റെ വാർത്തകൾ മൂലം അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നുള്ള കുട്ടികളുടെ പ്രവേശനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.**

## ഉച്ചഭക്ഷണം പോഷണാത്മകം

നൂൺമീൽ കമ്മിറ്റി കൂടി ഓരോ ആഴ്ചത്തെയും മെനു സ്കൂളിലെ നോട്ടീസ് ബോർഡിൽ എഴുതുന്നു. ഇതനുസരിച്ചാണ് ഭക്ഷണം പാകം ചെയ്യുന്നത്. എല്ലാ ദിവസവും പയറോ പരിപ്പോ ഭക്ഷണത്തിൽ ഉൾപ്പെടുത്താറുണ്ട്. ഇത് കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയെ ത്വരിതപ്പെടുത്തുന്നു. ആഴ്ചയിൽ രണ്ടു ദിവസം പാൽ, ഒരു ദിവസം മുട്ട എന്നിവ കൊടുക്കുന്നു. ഇതു കൂടാതെ കുട്ടികളുടെ പിറന്നാൾ പോലുള്ള വിശേഷദിനങ്ങളിൽ പായസം, ബിരിയാണി, തുടങ്ങിയ വിഭവങ്ങൾ രക്ഷിതാക്കൾ [sponser ചെയ്തത് ] കൊടുക്കുന്നു.

ഇപ്രകാരം പോഷക സമൃദ്ധമായ ഭക്ഷണം വിതരണം ചെയ്യുന്നതു മൂലമുണ്ടാക്കുന്ന നഷ്ടം പരിഹരിക്കുന്നത് PTA ഫണ്ട് ഉപയോഗിച്ച് തന്നെയാണ്

## ശുചിത്വവും സ്കൂൾ സൗന്ദര്യവത്കരണവും

നിലവിലെ പാർട്ടൈം കണ്ടിജെൻസി വർക്കറെ കൂടാതെ സ്കൂൾ പരിസരം, ക്ലാസ് മുറി , ടോയ്‌ലെറ്റ് എന്നിവയുടെ ശുചീകരണത്തിനായി ഒരാളെ PTA നിയമിച്ചിട്ടുണ്ട്. കൂടാതെ ക്ലീനിങ്ങിനാവശ്യമായ അധികം വരുന്ന ഫണ്ട് തരുന്നത് PTA ആണ്. ഭക്ഷണം വേയിസ്റ്റ് ആകാതിരിക്കുവാൻ PTA അംഗങ്ങൾ ശ്രദ്ധിക്കാറുണ്ട്. ഭക്ഷണം പാചകം ചെയ്യൽ, വിതരണം എന്നിവയിലും അംഗങ്ങൾ പങ്കാളികളാകുന്നു. ആയിരത്താളം കുട്ടികൾ പഠിക്കുന്ന സ്കൂളിൽ വരുന്ന മെയ്ന്റനൻസ് ജോലി, വരുന്ന അധിക ചെലവുകൾ എല്ലാം PTA വഹിക്കുന്നു. വൃക്ഷങ്ങളുടെ കൊമ്പ് മുറിച്ചു കളയുക, വിദ്യാലയവും പരിസരവും വിവിധ സംഘടനകളെ കൊണ്ട് ശുചിയാക്കുക എന്നിവയും PTA യുടെ നേതൃത്വത്തിൽ തന്നെ.










പരിസരം വൃത്തിയാക്കുക, ചെടികൾ വച്ച് പിടിപ്പിക്കുക, മതിലുകളിൽ ചിത്രം വരച്ച് ഭംഗിയാക്കുക എന്നിവയും PTA തന്നെയാണ് ചെയ്യുന്നത്.








1








## സംഘടനാ സംവിധാനങ്ങൾ


ഈ അധ്യയന വർഷം കൂടിയ PTA ജനറൽ ബോഡി യോഗങ്ങളുടെ എണ്ണം - 1

## കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ offline ആയി 9-10 - 21 ൽ ജനറൽ ബോഡി കൂടി PTA എക്സിക്യൂട്ടിവ് അംഗങ്ങളെ തെരെഞ്ഞെടുത്തു

### പ്രധാന തിരുമാനങ്ങൾ


തീരുമാനങ്ങൾ:

* അടുത്ത ദിവസങ്ങളിൽ തന്നെ CPTA കൂടി സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ വിശദീകരണം നടത്തും.
* ഡിജിറ്റൽ ഡിവൈസ് ഇല്ലാത്തവർക്ക് സ്കൂളിൽ വരാൻ കൂടുതൽ പരിഗണന നൽകണം
* പ്രതിരോധ ശേഷി കുറവ്, രോഗലക്ഷണങ്ങൾ, വീട്ടിൽ കോവിഡ് ബാധിച്ചവർ എന്നിവരെ സ്കൂളിൽ വരുത്തേണ്ടതില്ല
* അധ്യാപകർ അവരവരുടെ കുട്ടികൾക്കായി പ്രത്യേക പ്രവർത്തന പാക്കേജ് ഉണ്ടാക്കും.
* ക്ലാസ് റൂം സ്കൂൾ പരിസരം എന്നിവ reading cards, കുട്ടികളുടെ ഉല്പന്നങ്ങൾ പോസ്റ്ററുകൾ എന്നിവകൊണ്ട് അലങ്കരിക്കും.
* വായനാമൂല ഒരുക്കും
* ആദ്യ രണ്ടാഴ്ച ഉച്ചവരെ ക്ലാസ് ഉണ്ടാകും



**പി ടി എ, എസ് എം സി എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയത്**

- 4 പ്രാവശ്യം

ശരാശരി പങ്കാളിത്തം = 80 %

നടന്ന തീയതികൾ

27 -10 -2021

1 - 03 - 2022

30 - 03- 2022

28- 05- 2022

## പ്രധാന തീരുമാനങ്ങൾ

ഉച്ചഭക്ഷണ നടത്തിപ്പ്, പുതിയ പാചക തൊഴിലാളി, സ്കൂൾ തുറക്കൽ, വിദ്യാലയം സജ്ജീകരിക്കൽ , സ്ക്കൂൾ ഗ്രാന്റിന്റെ ബാക്കി ഭാഗം ഉച്ചഭക്ഷണവിതരണ പാത്രങ്ങൾ വാങ്ങാനും TLM വാങ്ങാനും, cleaning materials വാങ്ങാനും ഉപയോഗിക്കാൻ തീരുമാനിച്ചു.

കൊറോണാ മുന്നറിയിപ്പ് സംവിധാനങ്ങൾ, ബോധവത്കരണ ക്ലാസുകൾ, തുടങ്ങിയ ഏർപ്പെടുത്തും

Online ക്ലാസിൽ വരാത്തവർക്ക് offline ക്ലാസിൽ കൂടുതൽ പ്രാതിനിധ്യം കൊടുക്കാൻ തീരുമാനിച്ചു

MPTA പ്രസിഡന്റായി പ്രീതിയെ തെരെഞ്ഞെടുത്തു.

സ്കൂൾ വാഹനം ശരിയാക്കുവാൻ തീരുമാനിച്ചു.

**(Refer അനുബന്ധം 3 )**

# സ്റ്റാഫ് കൗൺസിൽ

ഈ അധ്യയന വർഷത്തിലാണ് ഏറ്റവും കൂടുതൽ  സ്റ്റാഫ് മീറ്റിങ്ങ് കൂടിയത്. 40 ഓളം യോഗങ്ങൾ സംഘടിപ്പിച്ചു.

അക്കാദമിക കലണ്ടർ തയ്യാറാക്കൽ

കർമ്മ പദ്ധതി തയ്യാറാക്കൽ

സ്കൂളിന്റെ പൊതുവായ പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ

ദിനാചരണങ്ങൾ

തനതു പ്രവർത്തനങ്ങൾ ചർച്ച ചെയ്യൽ

online സങ്കേതങ്ങൾ പരിചയപ്പെടൽ / ക്ലാസ്സുകൾ സംഘടിപ്പിക്കൽ

ചുമതലാ വിഭജനം

AEO, BRC മീറ്റിങ്ങിന്റെ അറിയിപ്പുകൾ/നിർദ്ദേശങ്ങൾ അറിയിക്കൽ ചർച്ച ചെയ്യൽ

ഗ്രാന്റുകൾ സ്കോളർഷിപ്പുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിക്കൽ

പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ മെച്ചപ്പെടുത്തൽ

പിന്നോക്കക്കാരെ മുന്നിലെത്തിക്കലിൽ എല്ലാവരുടേയും പങ്ക് ഉറപ്പിക്കൽ

ഇവയെല്ലാം സ്റ്റാഫ് കൗൺസിൽ കൂടി തീരുമാനിച്ചു. ഇപ്രകാരമുള്ള തീരുമാനങ്ങൾ PTA എക്സിക്യൂട്ടീവിൽ അവതരിപ്പിച്ചതിനു ശേഷം അംഗീകാരം വാങ്ങി പ്രവർത്തിപഥത്തിലേക്ക് കൊണ്ടുവരുന്നു.

## സാമൂഹ്യ ഇടപ്പെടലുകൾ

ലഹരി ഉപയോഗത്തിനും യുദ്ധത്തിനെതിരെയുമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.









പരിസ്ഥിതി സംരക്ഷണം, ശുചിത്വം, dry day യുടെ പ്രാധാന്യം, കൃഷി മാഹാത്മ്യം , നല്ല ആരോഗ്യശീലങ്ങൾ, നാടൻ ഭക്ഷണം കഴിക്കേണ്ടതിന്റെ ഗുണം, ജീവിത ശൈലി രോഗങ്ങൾ, ജങ്ക് ഫുഡ് ഒഴിവാക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ ആശയങ്ങളെല്ലാം കുട്ടികൾ വഴി സമൂഹത്തിലെത്തിക്കുന്നു.

സ്കൂൾ ഹാൾ, ക്ലാസ് റൂം സൗകര്യങ്ങൾ , stage എന്നിവ വിവിധ ക്ലാസുകൾ, സാംസ്കാരിക പരിപാടികൾക്ക് നൽകുന്നത് വഴി സമൂഹത്തിന് പ്രയോജനം ചെയ്യുന്നു.

വിദ്യാലയത്തിലെ കളിസ്ഥലം സമീപ വാസികളായ കുട്ടികൾക്ക് അവധി ദിവസങ്ങളിൽ കളിക്കാൻ ഇടമാകുന്നു.

ലൈബ്രറി പുസ്തകങ്ങൾ അമ്മ വായനയ്ക്ക് നൽകുന്നു.

ഫാമിലി ക്വിസ്, വായനാ കാർഡ് നിർമ്മാണം , വിവിധ ശില്പശാലകളിൽ പങ്കെടുക്കൽ എന്നിവ രക്ഷിതാക്കൾക്കും മറ്റുള്ളവർക്കും സ്വന്തം ശേഷി വർദ്ധിപ്പിക്കുന്നതിൽ ഗുണം ചെയ്യുന്നു



# മക്കൾക്കൊപ്പം

## രക്ഷാകർതൃശാക്തീകരണ പരിപാടി

## ഗവ. മോയൻ എൽപി സ്കൂളിൽ

**13/12/2021 ന്** വൈകീട്ട് 7 മണിക്ക്



വിഷയാവതരണം

കെ. അജയൻ മാസ്റ്റർ

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

GOVT. MOYAN LPS
PALAKKAD

# പരിസ്ഥിതി ദിനകാഴ്ചകൾ



OISCA International Women's chapter........... സ്കൂളിലെത്തി വൃക്ഷത്തൈ നടുന്നു











വായനദിനത്തോടനുബന്ധിച്ചു നടന്ന പുസ്തക പ്രദർശനം



## യോഗാദിന കാഴ്ചകൾ











# PTA യുടെ ഇടപ്പെടലുകൾ മൂലം ലഭിച്ച വിദ്യാലയമികവുകൾ




പാലക്കാട് നിയോജക മണ്ഡലത്തിലെ ഏറ്റവും മികച്ച സ്കൂളിനുള്ള MLA അവാർഡ് 2019-2020 ലും 2021 - 2022 ലും നേടി.

2019 - 2020 ൽ മികച്ച ശ്രദ്ധ പ്രവർത്തനം നടത്തിയ മികച്ച സ്കൂളിനുള്ള അംഗീകാരം, നല്ല പാഠം സബ്ജില്ലാതല അംഗീകാരം, അക്ഷരമുറ്റം ജില്ലയിൽ ഒന്നാമത്. ബെസ്റ്റ് പിറ്റി എ , സബ്ജില്ലാതലം ഇപ്രകാരം വിവിധ അംഗീകാരങ്ങൾ ഇക്കാലയളവിൽ സ്കൂളിന് ലഭിച്ചിട്ടുണ്ട്.



2019-20 വർഷത്തിൽ സബ് ജില്ലാതല കലാമേള, ശാസ്ത്ര മേള, അറബി കലോത്സവം എന്നിവയിൽ അഗ്രിഗേറ്റ് ഒന്നാം സ്ഥാനം നേടി .ഇപ്പോഴും സ്ക്കൂൾ അലമാരയിൽ ഇതിന്റെ മൊമെന്റ്റാകൾ സൂക്ഷിക്കുന്നു.



# സ്കൂൾ ഭരണം, പ്രഥമാധ്യാപകന്റെ ഭരണമികവ്

കോവിഡ് കാലത്ത് കുട്ടികൾക്ക് വിടവുകളില്ലാതെ പഠനം ലഭിക്കുന്നതിന് ഓൺലൈൻ സാധ്യത മാത്രം മുന്നിൽ നിൽക്കവെ ഹെഡ്മിസ്ട്രെസ് കണ്ടെത്തിയ ആദ്യ വഴി സ്കൂളിലെ മുഴുവൻ അധ്യാപകരേയും സാങ്കേതിക മികവുള്ള അധ്യാപകരാക്കാൻ നിരന്തരം പരിശീലനം നൽകുക എന്നതാണ്. സാങ്കേതിക മേഖലയിൽ പ്രവീണ്യമുള്ള അധ്യാപകരെ ഇതിനായി ചുമതലപ്പെടുത്തി. എല്ലാ കുട്ടികൾക്കും മൊബൈൽ ഫോൺ ഉറപ്പിക്കുന്നതിനായിഅധ്യാപകർ,PTA, SMC,ക്ലബ്ബുകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ സ്വാധീനം ചെലുത്തി എഴുപതിലധികം ഫോൺ സംഘടിപ്പിച്ചു. അതിൽ ഹെഡ്മിസ്ട്രെസ് മണിയമ്മ ടീച്ചർ മാത്രം 5 ഫോൺ സ്പോൺസർ ചെയ്താണ് മറ്റുള്ളവർക്ക് പ്രചോദനമായത്. അധ്യാപകർ 20 ഫോൺ നൽകിയപ്പോൾ ബാക്കി 45 ലധികം ഫോൺ കണ്ടെത്തിയത് സ്കൂളിന്റെ ശക്തമായ പി ടി എ തന്നെയാണ്.

വിക്ട്ടേഴ്സ് ചാനൽ ക്ലാസ്സുകൾ ആരംഭിക്കും മുൻപേ പരിശീലനം നേടിയ മുഴുവൻ അധ്യാപകരേയും കൃത്യ സമയത്ത് സ്ഥിരമായി ക്ലാസ്സെടുക്കാൻ ടീച്ചർ കർക്കശമായി ഇടപെട്ടു. ഇവിടെ കുട്ടികളോടൊപ്പം രക്ഷിതാക്കളും സജീവമായി പങ്കെടുക്കുന്ന ക്ലാസ്സിനെക്കുറിച്ചും ഓൺലൈൻ പി ടി എ യോഗങ്ങളെക്കുറിച്ചുമുള്ള വാർത്തകളാണ് അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും ചുറ്റുമുള്ള എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും നൂറു കണക്കിന് കുട്ടികൾ നമ്മുടെ വിദ്യാലയത്തിൽ എത്തിച്ചേർന്നത്.

പല വിദ്യാലയത്തിൽ നിന്നും ഇവിടെയെത്തിയ കുട്ടികൾ പലരും മലയാളത്തിലും ഗണിതത്തിലും പിറകിലായിരുന്നു. ഹെഡ്മിസ്ട്രെസ്സിന്റെ നേതൃത്വത്തിൽ കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്ക് കുറഞ്ഞ സമയത്തിൽ മലയാളം പഠിക്കുന്നതിന് മലയാളത്തിളക്കവും വളരെ വേഗം കണക്ക് പഠിക്കാൻ സഹായിക്കുന്ന ഗണിതവിജയവും ക്ലാസ്സ് നൽകാൻ നിർദ്ദേശം നൽകി. ഓരോ ക്ലാസ്സിലേയും ഒരു അധ്യാപികക്ക് അതിന്റെ ചുമതലയും നൽകി. നവംബറിൽ വിദ്യാലയങ്ങൾ തുറന്നപ്പോൾ ഇതേ കുട്ടികളെ നിശ്ചിത അകലത്തിൽ ഇരുത്തി ക്ലാസ്സുകൾ തുടർന്നു. ഇവർക്ക് ലഘുഭക്ഷണം ഏർപ്പാട് ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും

പി ടി എ അംഗങ്ങൾ ഉത്സാഹത്തോടെ ദിവസവും എത്തിയിരുന്നു.

വിദ്യാലയത്തിന്റെ ഭൗതികമായ വളർച്ചയിൽ ഹെഡ്മിസ്ട്രെസ്സിന്റെ പങ്ക് വളരെ വലുതാണ്. ടീച്ചറുടെ സ്പോൺസർഷിപ്പിൽ

കുടിവെള്ള സംവിധാനം ഒരുക്കിയും പൂച്ചെടികളാൽ മോടി പിടിപ്പിച്ചും അടുക്കളയിൽ പുതിയ പാത്രങ്ങൾ, ഫ്രിഡ്ജ് എന്നിവ വാങ്ങിയും

ലൈബ്രറിയ്ക്കുള്ള പത്ത് അലമാരകൾ വാങ്ങിയും പകരം വയ്ക്കാനാകാത്ത മാതൃക കാണിച്ചു. വിദ്യാലയത്തിന്റെ അറ്റകുറ്റപണികൾ പൂർണമായും പി ടി എ ഏറ്റെടുത്തിരുന്നു.

ഒരു മേലധികാരി മാത്രമായിരുന്നില്ല ഹെഡ്മിസ്ട്രെസ്. സ്കൂളിൽ, മുന്നിൽ കാണുന്ന ഏത് ജോലിയും ചെയ്യാൻ ടീച്ചർക്ക് മടി ഉണ്ടായിരുന്നില്ല. പാചകവും വിളമ്പലും വൃത്തിയാക്കലും എന്നു വേണ്ട സകലമേഖലയിലും ടീച്ചറുടെ ശ്രദ്ധ ഉണ്ടായിരുന്നു. ഒപ്പം പി ടി എ അംഗങ്ങളിൽ ഒരു ടീം ആളുകൾ എപ്പോഴും സ്കൂളിൽ സന്നിഹിതരായിരുന്നു. ഇപ്പോഴും അത് തുടരുന്നു..




















സ്നേഹത്തിന്റെ മാധുര്യവും അർപ്പണ മനോഭാവത്തിന്റെ കാർക്കശ്യവും കൊണ്ട്
ഞങ്ങളേവരേയും തന്റെ ഹൃദയത്തോട്, വിദ്യാലയത്തോട് ചേർത്തു നിർത്തി
ഗവ. മോഡൽ എൽ.പി. സ്കൂളിനെ മികവിന്റെ ഔന്നത്യത്തിലേയ്ക്ക് നയിച്ച പ്രൗഢശബ്ദം.
പ്രിയപ്പെട്ട ശ്രീമതി. മണിയമ്മ ടീച്ചർക്ക് ഞങ്ങളോരോരുത്തരുടേയും മനസ്സിൽ നിന്നുതിരുന്ന
സ്നേഹാദരം...


ഗവ. മോയൻ എൽ. പി. സ്കൂൾ പാലക്കാട്
സ്യമന്തകം
പ്രകാശം പരത്തുന്ന മണിരത്നം
സർവ്വീസിൽ നിന്നും വിരമിക്കുന്ന
ഹെഡ്മിസ്ട്രസ് കെ. മണിയമ്മ ടീച്ചർക്കും
സീനിയർ അധ്യാപകൻ ശ്രീ. ജി. ജയപ്രകാശ് മാഷിനും
സ്നേഹാദരം...
24 മാർച്ച് 2022 , 3.30 pm – 9.30 pm
ഉദ്ഘാടനം: ഷാഫിപറമ്പിൽ
(ബഹു. എം. എൽ. എ)
വിശിഷ്ടാതിഥി:
ശ്രീമതി. മൃൺമയി ജോഷി ശശാങ്ക്
(ബഹു. ജില്ലാ കളക്ടർ)
ആഘോഷ സന്ധ്യയിലേക്ക് ഏവർക്കും സ്വാഗതം
കാര്യപരിപാടികൾ
പൊതുയോഗം
എൽ എസ്. എസ് വിജയികളെ അനുമോദിക്കൽ
നേർക്കാഴ്ച്ച – മണിയമ്മ ടീച്ചറും മോയൻ എൽപിയും
ഉപഹാരസമർപ്പണം
നിഴലാട്ടം – തോൽപ്പാവക്കൂത്ത്
അവതരണം: പത്മശ്രീ. രാമചന്ദ്ര പുലവരും സംഘവും
ഗ്രാമച്ചന്തം – നാടൻപാട്ടുകളും ദൃശ്യാവിഷ്ക്കാരവും
അവതരണം: കലാശ്രീ. ജനാർദ്ദനൻ പുതുശ്ശേരിയും സംഘവും.

കഴിഞ്ഞ അക്കാദമിക വർഷത്തെ പി ടി എ യുടെ പ്രകാശം പരത്തുന്ന പരിപാടിയായിരുന്നു *സ്യമന്തകം*

മോയൻ എൽ പി യെ ജില്ലയിലെ തന്നെ മികച്ച വിദ്യാലയമായി ഉയർത്തിയ ഹെഡ്മിസ്ട്രെസ് മണിയമ്മ ടീച്ചർ വിരമിക്കുന്നതിന്റെ ഭാഗമായി, ടീച്ചറോടുള്ള ആദരസൂചകമായി  കേരളത്തിൽ തന്നെ വേറിട്ട രീതിയിൽ ഒരു യാത്രയയപ്പ് പരിപാടി സംഘടിപ്പിക്കുകയായിരുന്നു പി ടി എ ചെയ്തത്. ടീച്ചറോടൊപ്പം വിരമിച്ച സീനിയർ അധ്യാപകൻ ജയപ്രകാശ് മാഷിനും ഒപ്പം യാത്രയയപ്പ് നൽകി. പ്രകാശം പരത്തുന്ന മണിരത്നം എന്നർത്ഥമുള്ള  *സ്യമന്തകം* പേര് പോലെ തന്നെ മനോഹരമായ പരിപാടിയായി മാറി.ഏകദേശം ഒരു ലക്ഷം രൂപയോളം ചിലവ് വരുന്ന പരിപാടിയ്ക്ക് പണം കണ്ടെത്തുക, പരിപാടികൾ നിശ്ചയിക്കുക, കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നീ ദൗത്യങ്ങളാണ് പി ടി എ ഏറ്റെടുത്തത്...

മൊമെന്റോസ്, ലഘുഭക്ഷണം എന്നിവയേക്കാൾ ഔദ്യോഗിക പരിപാടികൾക്ക്  ശേഷം നടന്ന കലാസന്ധ്യക്കായിരുന്നു പി ടി എ യ്ക്ക് കൂടുതൽ പണം ചിലവഴിക്കേണ്ടി വന്നത്. എങ്കിലും കുട്ടികൾക്കും മുതിർന്നവർക്കും വളരെ ആവേശകരമായ സായാഹ്നം നൽകാൻ പി ടി എ യ്ക്ക് കഴിഞ്ഞു. ബഹു MLA ഷാഫി പറമ്പിൽ ഉദ്ഘാടനം ചെയ്ത പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ.



# സ്കൂളിലെ പ്രഥമാധ്യാപകന്റെ ചുമതലകൾ വികേന്ദ്രീകരണം

പ്രധാനധ്യാപികയുടെ ചുമതലകൾ എല്ലാവർക്കും വീതിച്ചു നൽകി അവ ഏകോപിച്ചു കൊണ്ടു പോകുന്ന രീതിയിലുള്ള പ്രവർത്തന ശൈലിയാണ് HM ടീച്ചറുടേത്.

കഴിഞ്ഞ അക്കാദമിക് വർഷത്തെ ചുമതലകൾ താഴെ പറയുന്ന വിധമാണ്

| അധ്യാപകർ | ചുമതലകൾ |
|---|---|
| സ്റ്റാഫ് സെക്രട്ടറി | ജയപ്രകാശ് ജി |
| CPTA | സഫിയ ടീച്ചർ |
| SRG കൺവീനർ | മഞ്ജു.ഡി |
| ഉച്ചഭക്ഷണം | സഫിയ സി എം , സൽമത്ത് കെ കെ |
| ലൈബ്രറി | ഷൈല ഇ പി |
| വിദ്യാരംഗം കൺവീനർ | രതില ആർ |
| ഗണിതക്ലബ്ബ് | ആശ മോൾ |
| ഇംഗ്ലീഷ് ക്ലബ്ബ് | സിനി എം |
| ശാസ്ത്ര ക്ലബ്ബ് | മഞ്ജുഡി |
| അച്ചടക്കം | സിന്ധു കെ |
| അസംബ്ലി | ജയപ്രകാശ് |
| സ്കൂൾ വാഹനം | ജയപ്രകാശ് ജി |

ഹെഡ്മിസ്ട്രസ്സ് ഈ അധ്യയന വർഷം ഓരോ ക്ലാസിലും എത്ര പ്രാവശ്യം മോണിറ്ററിംഗ് നടത്തിയിട്ടുണ്ട്. ?

Online whatsapp എല്ലാവരുടേയും ക്ലാസ് തല group ൽ HM ഉണ്ടായിരുന്നു.

അതു കൊണ്ട് തന്നെ മിക്കവാറും എല്ലാ ക്ലാസുകളിലും ടീച്ചർ കയറാറുണ്ട്. അടുത്ത SRG യിൽ പോരായ്മകളും നല്ല വശങ്ങളും പങ്കുവയ്ക്കും. വേണ്ട നിർദ്ദേശങ്ങൾ തന്ന് ക്ലാസ് മെച്ചപ്പെടുത്താൻ ആവശ്യപ്പെടും.

തനത് പ്രവർത്തനങ്ങൾ

കോവിസ് കാലത്ത് മോയൻ എൽപിയുടെ എല്ലാ പ്രവർത്തനങ്ങളും തനത് പ്രവർത്തനങ്ങൾ തന്നെയായിരുന്നു. മുന്നിൽ പിന്തുടരാൻ മാതൃകകളില്ലാതെ മുന്നോട്ട് പോയത് ശക്തയായ HM ന്റെ നേതൃത്വത്തിലും PTA യുടെ സഹകരണത്തിലും അധ്യാപകരുടെ കഠിന പ്രയത്നത്തിലുമാണ്. അതുകൊണ്ട് തന്നെയാണ് കോവിഡ് കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിയിട്ട് ഈ പ്രാവശ്യവും മികച്ച സ്കൂളിനുള്ള MLA അവാർഡ് ഞങ്ങളെ തേടിയെത്തിയത്.





**മോയൻ എൽ പി യുടെ യാത്ര അവസാനിക്കുന്നില്ല. പുതിയ നേതൃത്വത്തിൽ കൂടുതൽ മികവോടെ തുടരുക തന്നെ ചെയ്യും........**